## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4101 27.06.2012-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വേതന പരിഷ്ക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. രാജു<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി 06.06.12, 13.06.12, 26.062012 എന്നീ തീയതികളിൽ ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും ആശുപത്രി ജീവനക്കാരുടെ നിലവിലുള്ള മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്നവർക്ക് നിലവിൽ മിനിമം വേതനം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) സ്വകാര്യ ആശുപത്രികൾ മിനിമം വേതനം നൽകുന്നില്ലെന്ന പരാതിയെ തുടർന്ന് 2011 ഡിസംബർ മാസം മുതൽ സ്ക്വാഡ് പരിശോധന നടത്തുകയും ശക്തമായി നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മിക്ക ആശുപത്രികളിലും മിനിമം വേജസ് നൽകുന്നുണ്ട്. |
| (സി) ഈ മേഖലയിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ ആരോഗ്യവകുപ്പിന് സമർപ്പിച്ചിട്ടുള്ള ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഒരു മാനദണ്ഡമായി സ്വീകരിക്കുമോ? | (സി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ